പബ്ലിക്ക് സർവ്വീസ് കമ്മീഷൻ.

* 205. [45) ശ്രീ. എ. എൽ. ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ വരാൻപോകുന്ന ഒഴിവിൽ ഒരു ഹരിജനെ നിയമിക്കുവാൻ ദയവുണ്ടാകുമോ :

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

ഇക്കാര്യം നിയമനം നടത്തുന്ന സമയത്തു പരിഗണിക്കുന്നതാണു്.

നൃഇൗയേഴ്സ് ഡേ അവധി ദിവസമാക്കുന്നതിനുള്ള നടപടി

* 206. [46] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൃഇൗയേഴ്സ് ഡേ (ജനുവരി 1) ഈ സ്റ്റേറ്റിൽ വർക്കിംഗ് ഡേ ആക്കിയതു എന്നു മുതൽക്കാണു് ;

(ബി) ജനുവരി മാസത്തിലെ സെക്കൻഡ് സാറ്റർഡേ വർക്കിംഗ് ഡേ ആക്കിക്കൊണ്ടു് നൃഇൗയേഴ്സ് ഡേ അവധിദിവസമാക്കുവാൻ വേണ്ട നടപടി എടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1959 മുതൽ.

(ബി) 1965–ലെ ഒഴിവു ദിവസങ്ങളുടെ പട്ടിക തയ്യാറാക്കുമ്പോൾ ഈ അഭിപ്രായംകൂടി പരിഗണനയിലെടുക്കാം.

പ്രൊഫഷണൽ കോളേജുകളിലെ സംവരണത്തെപ്പറ്റിയുള്ള ഹൈക്കോർട്ടിന്റെ വിധി.

* 207. [47] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോളേജുകളിലെ സംവരണത്തെപ്പറ്റിയുള്ള ഹൈക്കോർട്ടിന്റെ വിധിയിൽ അപ്പീൽകൊടുക്കാൻ എടുത്ത നടപടികളുടെ ഇപ്പോഴത്തെ നില എന്താണു് ;

(ബി) സംവരണം സംബന്ധിച്ചുള്ള ഗവണ്മെന്റുത്തരവുകൾ ഒരു ബില്ലായി നിയമസഭ അംഗീകരിക്കുകയും ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽ ആ നിയമം പെടുത്തുകയും ചെയ്യണമെന്നു് ഇക്കാര്യത്തിൽ മുന്നോട്ടുവന്നിട്ടുള്ള ഒരു നിർദ്ദേശം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതേപ്പറ്റി ഗവണ്മെന്റിന്റെ തീരുമാനം എന്തെന്നു വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടു്.

(ബി) സാങ്കേതിക വിദ്യാലയങ്ങളിൽ പിന്നാക്കസമുദായാംഗങ്ങൾക്കു് നിയമനനിർമ്മാണംമൂലം സംവരണം ഏർപ്പെടുത്തുകയും, ആ നിയമത്തെ ഭരണഘടനയുടെ ഒൻപതാം പട്ടികയിൽ ചേർക്കുവാനുള്ള ഏർപ്പാടുകൾ വേണമെന്നും ഉള്ള നിവേദനം ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടു്.

(സി) ഇതേപ്പറ്റി തീരുമാനമൊന്നും എടുത്തിട്ടില്ല. പരിഗണനയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly